## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6343

08.07.2014 - ൽ
മറുപടിയ്ക്ക്

# സിവിൽ പോലീസ് ഓഫീസർമാരുടെ സ്ഥലംമാറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) 2010-ൽ ആംഡ് റിസർവ്വ് ലോക്കൽ എന്നിവയുടെ സംയോജനം നടപ്പിലായ ശേഷം നാളിതുവരെയായി യാതൊരു തുടർ നടപടികളും സ്വീകരിക്കാത്തതുമൂലം കൊല്ലം എ.ആർ ക്യാമ്പിൽ മാത്രം 14 വർഷം വരെ സർവ്വീസുള്ള 300 ഓളം പോലീസുകാർക്ക് ലോക്കൽ സ്റ്റേഷനിലേക്ക് സ്ഥലം മാറ്റം ലഭിക്കാതെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) യഥാസമയം സ്ഥലംമാറ്റം നടത്താതിരിക്കുകയും ജില്ലാന്തര സ്ഥലം മാറ്റത്തിന്റെ അനുപാതം കൂട്ടി നൽകുകയും ചെയ്യുന്നതുമൂലമുള്ള ക്രമരാഹിത്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) കൊല്ലം ജില്ലയിൽ ക്രമരാഹിത്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ലോക്കൽ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും, തസ്തികകൾ പുനർനിർണ്ണയം നടത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) ലോക്കൽ പോലീസ് സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്നതും, തസ്തികകൾ പുനർനിർണ്ണയം നടത്തുന്നതും സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ